മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 12

# വാർത്താക്കുറിപ്പ്

---

## ഫോം പോളിമർ ഉത്പാദനത്തിൽ പരിസ്ഥിതി സൗഹാർദ്ദ സാങ്കേതിക വിദ്യ

പെയിന്റുകൾ, വാർണിഷ്, ഇലാസ്റ്റികതയുള്ള പദാർത്ഥങ്ങൾ, തെർമോ പ്ലാസ്റ്റിക് ഇലാസ്റ്റോമറുകൾ എന്നിവയുടെ ഉത്പാദനത്തിനായുള്ള മുഖ്യഘടകമായ ഫോം പോളിമറുകൾ കാർബൺഡൈ ഓക്സൈഡിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പുതിയ സാങ്കേതിക വിദ്യ മേഖലയിൽ ഗുണകരവും വിപ്ലവകരവുമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല, മോസ്കോ ആസ്ഥാനമായുള്ള ടെപോഫോൾ ലിമിറ്റഡ്, സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് സിവിൽ എഞ്ചിനീയറിംഗ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച അന്തർ ദേശീയ കോൺഫറൻസ് അഭിപ്രായപ്പെട്ടു.

ഫോം പോളിമറുകൾ ഉത്പാദിപ്പിക്കുന്നതിനായി നിലവിൽ അനുവർത്തിച്ചു വരുന്ന പെട്രോളിയം ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള രിതി വലിയ തോതിലുള്ള പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടാക്കുന്നത് കണക്കിലെടുത്താണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഈ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

ഓൺലൈനായി സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത ' ടെപ്ോഫോൾ ' മാനേജിംഗ് ഡയറക്ടർ ഡോ. ടെർ സ്ക്രയൻ, പോളിമർ മേഖലയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടക്കുന്ന ഗവേഷണ പദ്ധതികളുമായി സഹകരിക്കുന്നതിന് അതീവതാത്പര്യമുള്ളതായി അറിയിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പോളിമർ ഗവേഷണ പദ്ധതിയിൽ ഹംഗറിയിലെ ബുഡാപെസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിഖ്യാത പോളിമർ ഗവേഷകൻ ഡോ. ഡാനിയൽ വാദസിന്റെ സഹകരണവും ഉറപ്പാക്കിയിട്ടുണ്ടെന്ന് പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ച മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പോളിമർ മേഖലയിലെ അറിയപ്പെടുന്ന ഗവേഷകനുമായ പ്രൊഫ. സാബു തോമസ് അറിയിച്ചു. വിദ്യാർത്ഥികളും, ഗവേഷകരും, ശാസ്ത്രജ്ഞരുമടക്കം ജപ്പാൻ, റഷ്യ, മെക്സിക്കോ, തായ്‌വാൻ, അമേരിക്ക, ആസ്ട്രേലിയ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള നിരവധി പ്രതിനിധികൾ അന്തർദേശീയ കോൺഫറൻസിൽ പങ്കെടുത്തു.

(പി.ആർ.ഒ./39/896/2022)

## എം.ജി. പി.ജി. ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 20 വരെ

എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും ബി.എഡ്. പ്രോഗ്രാമുകളിലേക്കുമുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഈ മാസം 20 വരെ നടത്താം. സാധ്യതാ അലോട്ട്മെന്റ് ജൂലൈ 25 നും ഒന്നാം അലോട്ട്മെന്റ് ജൂലൈ 30 നും പ്രസിദ്ധീകരിക്കുന്നതാണ്. സ്പോർട്ട്സ് / വികലാംഗ ക്വാട്ടാകളിലേക്ക് അപേക്ഷിക്കുന്നവർക്ക് ജൂലൈ 18 വരെ അവസരമുണ്ടായിരിക്കും. ഇതിലേക്കുള്ള താത്കാലിക റാങ്ക് ലിസ്റ്റ് ജൂലൈ 20 നും അന്തിമ റാങ്ക് ലിസ്റ്റ് ജൂലൈ 22 നും പ്രസിദ്ധീകരിക്കും. സ്പോർട്ട്സ് / കൾച്ചറൽ / വികലാംഗ ക്വാട്ടാകളിലേക്കുള്ള പ്രവേശനം ജൂലൈ 22, 23 തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ വച്ച് നടത്തും.

(പി.ആർ.ഒ./39/897/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്ട് സയൻസസിൽ ഗ്രൗണ്ട്സ് മാൻ/ മാർക്കർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് താത്കാലിക / കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവിലേക്ക് എസ്.എസ്.എൽ.സി. / തത്തുല്യ യോഗ്യതയും കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരെയാണ് പരിഗണിക്കുക. അപേക്ഷകരുടെ പ്രായം 2022 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത്. പ്രതിദിന വേതനം 645 രൂപ (പരമാവധി 20,000 രൂപ)യാണ്. താത്പര്യമുള്ളവർക്ക് ജൂലൈ 20 ന് അഞ്ച് മണി വരെ ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ സമർപ്പിക്കാം. പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിശദവിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/898/2022)

## അപേക്ഷാ തീയതി

ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എ./ എം.എസ്.സി./ എം.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ - 2019 അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ 29 മുതൽ ആഗസ്റ്റ് നാല് വരെയും 525 രൂപ പിഴയോടു കൂടി ആഗസ്റ്റ് അഞ്ച് മുതൽ ഒൻപത് വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 11 വരെയും അപേക്ഷിക്കാം. വിദ്യാർത്ഥികൾ പേപ്പറൊന്നിന് 45 രൂപ (പരമാവധി 210 രൂപ) വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കണം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/899/2022)

## ഡിപ്ലോമ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) ൽ 'പാലിയേറ്റീവ് കെയർ' എന്ന വിഷയത്തിൽ മൂന്ന് മാസ

ഡിപ്ലോമ കോഴ്സ് ജൂലൈ 15 ന് ആരംഭിക്കുന്നു. യോഗ്യത പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം. കോഴ്സിൽ ചേരുവാൻ താല്പര്യമുള്ളവർക്ക് iucdxmgu@gmail.com എന്ന ഇ-മെയിൽ മുഖേന രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 - 2731580 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/900/2022)

## മാറ്റി വച്ച പരീക്ഷകൾ ജൂലൈ 15 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല ജൂലൈ ഏഴ്, 11 തീയതികളിൽ നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച പരീക്ഷകൾ ജൂലൈ 15 മുതൽ ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/901/2022)

## പരീക്ഷാ ഫീസ്

ആഗസ്റ്റ് 10 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യുക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി / ലേണിംഗ് ഡിസെബിലിറ്റി) (2020 അഡ്മിഷൻ - റെഗുലർ / 2017 - 2019 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2016 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് / 2015 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ്) (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ 20 വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ 21 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 22 നും അപേക്ഷിക്കാം. ടൈം ടേബിൾ, ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/902/2022)

## അപേക്ഷാ ഫീസ്

ഏഴ്, എട്ട് സെമസ്റ്ററുകൾ ബി.ആർക്ക് (2018 അഡ്മിഷൻ - റെഗുലർ / 2018 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ, ഡിസെർട്ടേഷൻ പരീക്ഷകൾക്കുള്ള അപേക്ഷ പിഴയില്ലാതെ ജൂലൈ 20 വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ 21 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 22 നും സർവ്വകലാശാല ഓഫീസിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/903/2022)

## പ്രാക്ടിക്കൽ പരീക്ഷ

2022 മെയ് മാസം നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (2018, 2017, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷനുകൾ - മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 18 ന് മാറമ്പള്ളി, എം.ഇ.എസ്. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/904/2022)

**<u>പരീക്ഷാ ഫലം</u>**

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് 2022 ജനുവരി, 2021 ഡിസംബർ, 2021 സെപ്റ്റംബർ, 2022 ജനുവരി മാസങ്ങളിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ (ജനറൽ സെഷ്യൽ സയൻസസ്) 2013, 2014, 2016, 2017 അഡ്മിഷനുകൾ (സോഷ്യൽ സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/905/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
അനിൽകുമാർ ജി.